മി. ഡെപ്യൂട്ടി സ്പീക്കർ : മന്ത്രിയെ പറയാൻ അനുവദിക്കുക. പ്ലീസ്... പ്ലീസ്....പറയാൻ അനുവദിക്കുക.....പറയാൻ അനുവദിക്കുക. പ്ലീസ്...പ്ലീസ്.... ഇരിക്കൂ....ഇരിക്കൂ....മന്ത്രി മറുപടി പറയട്ടെ. ശ്രീ. അടൂർ പ്രകാശ് പ്ലീസ്...

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഭരണമാറ്റത്തെത്തുടർന്ന് ചാണക വെള്ളവും പുണ്യാഹവും തളിച്ചുവെന്ന വാർത്ത അസ്വസ്ഥതയുണ്ടാക്കുന്നതാണ്. ഈ രണ്ട് പഞ്ചായത്തുകളിലും മുൻ പ്രസിഡന്റുമാർ.....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. മന്ത്രി സംസാരിക്കട്ടെ. ശ്രീ. വിശ്വൻ.....പ്ലീസ്....

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഈ രണ്ട് പഞ്ചായത്തുകളിലും മുൻ പ്രസിഡന്റുമാർ പട്ടികജാതി സംവരണ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തോടൊപ്പംതന്നെ വളർന്നുവന്നതാണ് അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരായ നവോത്ഥാന പ്രസ്ഥാനം. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച കേരളത്തെ ആധുനിക കേരളമാക്കി മാറ്റിത്തീർക്കുന്നതിൽ നമ്മുടെ നവോത്ഥാന നായകന്മാർ വഹിച്ച പങ്കിനെക്കുറിച്ച് പ്രത്യേകം പറയേണ്ടതില്ല. വീണ്ടും ഒരു തിരിച്ചുപോക്കിലേക്കല്ലേ കാര്യങ്ങൾ നീങ്ങുന്നത് എന്ന സൂചന പലതരത്തിലും ഉണ്ടാകുന്നുണ്ട്. ഇത്തരം നടപടികൾ മതേതര ജനാധിപത്യ പ്രസ്ഥാനങ്ങൾ വളരെ ജാഗ്രതയോടുകൂടി കാണേണ്ടതും പ്രതികരിക്കേണ്ടതും പ്രബുദ്ധ കേരളം ഒറ്റക്കെട്ടായി അപലപിക്കേണ്ടതുമാണ്. ബഹുമാനപ്പെട്ട എം. എൽ. എ. മാർ സബ്മിഷനിലൂടെ ഉന്നയിച്ച ആരോപണങ്ങൾ ഗൗരവമായി പരിഗണിക്കുകയും അന്വേഷിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഭരണനടപടികളെക്കാളേറെ ജനകീയമായ ഇടപെടലുകളാണ് ഇത്തരം പ്രവൃത്തികൾ അവസാനിപ്പിക്കാൻ കൂടുതൽ പ്രയോജനകരം എന്നുകൂടി പറയട്ടെ.

.....(ബഹളം).....

**(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)**

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ ഇരിക്കണം. അടുത്ത സബ്മിഷൻ ഉന്നയിക്കട്ടെ.

**(11) കണ്ണൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിന്റെ വികസനം**

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, ഇവിടെ ഈ വിഷയം വന്നപ്പോൾ പ്രതിപക്ഷത്തിരിക്കുന്നവർ ഇത് ന്യായീകരിക്കുകയാണ് ചെയ്തത്. ഇവിടെ രണ്ട് എം. എൽ. എ. മാർ ന്യായീകരിച്ചിട്ടുണ്ട്. അവർ പാവപ്പെട്ടവരുടെ വോട്ടുകൂടി വാങ്ങിയിട്ടാണ് ഇവിടെ വന്നതെന്ന് ഓർക്കണം. പല കാര്യങ്ങളിൽ അങ്ങ് റൂളിംഗ് തരാറുണ്ട്. അഭിപ്രായങ്ങൾ പറയാറുണ്ട്. അങ്ങ് ഈ കാര്യത്തിലും പറയണമെന്നാണ് അഭിപ്രായം.....(ബഹളം)

എന്റെ സബ്മിഷൻ ഞാൻ പറയാം. തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ 25 വർഷക്കാലമായി പ്രവർത്തിക്കുന്ന കണ്ണൂർ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് കോളേജിൽ 1500 വിദ്യാർത്ഥികളുണ്ട്, ശരാശരി 65 ശതമാനം വിജയവുമുണ്ട്. ഈ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് ധാരാളം നിർദ്ദേശങ്ങൾ സമർപ്പിച്ചുവെങ്കിലും ചില ഉദ്യോഗസ്ഥന്മാരുടെ താല്പര്യപ്രകാരം അത് നടക്കുന്നില്ല. ഉദാഹരണത്തിന്, ടെക്സ്റ്റൈൽ ടെക്നോളജിക്ക് എ. ഐ. സി. റ്റി. യുടെ അംഗീകാരം കിട്ടിയെങ്കിലും അനുമതി നൽകുന്നില്ല. കമ്പ്യൂട്ടർ സയൻസ് കോഴ്സിന്റെ കാര്യത്തിൽ 30 വിദ്യാർത്ഥികൾ പോരാ 60 വിദ്യാർത്ഥികൾ വേണമെന്ന് എ. ഐ. സി. ടി. അറിയിച്ചു പക്ഷേ അതിനും അനുമതി തരുന്നില്ല. കമ്മ്യൂണിറ്റി ഓഡിറ്റോറിയത്തിന് ഭരണാനുമതി കിട്ടിയെങ്കിലും ടെക്നിക്കൽ സാങ്ഷൻ തരുന്നില്ല. എൻ. ജി. ഒ. മാർക്ക് 30 ക്വാർട്ടേഴ്സുകൾ പണിയാൻ തീരുമാനിച്ചിട്ട് 4 വർഷമായി, പക്ഷേ വർക്ക് ഓർഡർ തരുന്നില്ല. ഹോസ്റ്റൽ പണിയാൻ തയ്യാറാകുന്നില്ല. എന്തിന്, ഞാൻ എല്ലാം വിശദീകരിക്കുന്നില്ല. അങ്ങേയറ്റം നിരുത്തരവാദപരമായ പ്രവർത്തനങ്ങൾകൊണ്ട് തുടർ നടപടികൾ ഉണ്ടായില്ല. അതുകൊണ്ട് 4 വർഷത്തെ എന്റെ പരിശ്രമത്തിന് ഫലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുന്നില്ല. പിന്നെ ഞാൻ പറഞ്ഞിട്ട് എന്ത് കാര്യം? ഈ കടലാസ്സ്. ഡിപ്പാർട്ടുമെന്റിന്റെ മുന്നിൽ കിടക്കുകയാണ് എനിക്ക് അടിയന്തരമായി ഇതിനുള്ള മറുപടി ലഭിക്കുകയും നടപടിയുണ്ടാകുകയും വേണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ ഇപ്പോൾ മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഷയങ്ങളിൽ എം.ടെക് കോഴ്സ് തുടങ്ങുന്നതിനുള്ള നിർദ്ദേശം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ അനുകൂല പരിഗണനയിലാണെന്ന് അറിയിക്കുന്നു. ടെക്സ്റ്റൈൽ ടെക്നോളജിയിൽ എം.ടെക് കോഴ്സ് തുടങ്ങുന്നതിന് എ. ഐ. സി. ടി.-യുടെ അനുമതി ലഭിച്ചിട്ടില്ല. ഈ വർഷം ബി.ടെക് കോഴ്സിനാണ് എ. ഐ. സി. റ്റി. അനുമതി നൽകിയിട്ടുള്ളത്. ബി.ടെക് കമ്പ്യൂട്ടർ സയൻസ് കോഴ്സിന് ഇപ്പോൾ 30 സീറ്റുകളാണ് ഉള്ളത്. അടുത്ത വർഷം അത് അറുപതായി ഉയർത്തുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പ് നൽകുകയാണ്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 138 ലക്ഷം രൂപയുടേയും ആഡിറ്റോറിയം നിർമ്മിക്കുന്നതിന് 2,35,00,000 രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക അപര്യാപ്തമാണെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ച സാഹചര്യത്തിൽ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അനുവദിച്ചിട്ടുള്ള തുകയ്ക്കുള്ളിൽ പണി പൂർത്തിയാക്കുന്നതിന് പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതല്ലെങ്കിൽ ഇത് നീണ്ടുപോകുന്നതാണ്. 2010-11 വർഷം മുതൽ കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ (ടെക്യൂപ്) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഏകദേശം 10 കോടി രൂപ എഞ്ചിനീയറിംഗ് കോളേജിന് ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly